LIBRARY ARCHIVES Kerala Legislative Assembly

ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് സംബന്ധിച്ചുള്ള പരാതി

102 [2822] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. സി. പി. മുഹമ്മദ്:
,, ലൂഡി ലൂയിസ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുകയോ ബാർ ലൈസൻസുകൾ പുതുക്കി നൽകുകയോ ചെയ്തതു സംബന്ധിച്ച് ഈ വർഷം എത്ര പരാതികൾ കിട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പരാതികളിന്മേൽ എന്തെല്ലാം നടപടികളെടുത്തു;

(സി) പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ വെളിച്ചത്തിൽ ക്രമരഹിതമായി ലൈസൻസ് നൽകുകയോ ലൈസൻസ് പുതുക്കി നൽകുകയോ ചെയ്ത ഉദ്യോഗസ്ഥരുടെ മേൽ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാല് ബാർ ഹോട്ടലുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതു സംബന്ധിച്ച അഞ്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഒരു പരാതിയിലെ പരാതിക്കാരി തന്റെ പരാതി കളവാണെന്ന് അറിയിച്ചതിനെ തുടർന്ന് നടപടി അവസാനിപ്പിച്ചു. നാല് പരാതികളിൽ ഉൾപ്പെട്ട ഹോട്ടലുകൾക്ക് ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ലൈസൻസുകൾ പുതുക്കി നൽകി.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കള്ളുഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കുന്ന നടപടി

103 [2823] ശ്രീ. പി. ടി. തോമസ്:
,, എ. പി. അനിൽകുമാർ:
,, ജോർജ് ഒജ. മാത്യു:
,, എൻ. ശക്തൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളുഷാപ്പുകൾ ലേലം ചെയ്തു കൊടുക്കുന്നതിനു പകരം ലൈസൻസിന്റെ അടിസ്ഥാനത്തിൽ കൊടുക്കാൻ തുടങ്ങിയത് എന്നു മുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) ലൈസൻസ് അടിസ്ഥാനത്തിൽ കള്ളുഷാപ്പുകൾ കൊടുക്കാൻ തുടങ്ങിയത് മുതൽ അവ നടത്തുന്നവർ സോൾവൻസി സർട്ടിഫിക്കറ്റുകൾ നൽകണമെന്ന വ്യവസ്ഥ വേണ്ടെന്ന് വച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ഫലമായി ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ടിലേക്ക് അടയ്ക്കേണ്ട തുകയിൽ വലിയ കുടിശ്ശിക ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുക;

(ഡി) ഈ തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കള്ളുഷാപ്പുകൾക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തിയത് 2001-2002 സാമ്പത്തിക വർഷം മുതൽ ആണ്.

(ബി) ഉണ്ട്.

(സി) ഈ ഇനത്തിൽ 31-3-2004 വരെ 10.37 കോടി രൂപ കുടിശ്ശികകളുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഷാപ്പുകളുടെ ദൂരപരിധി നിയമം

104 [2824] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷാപ്പുകളുടെ ദൂരപരിധി പ്രശ്നത്തിൽ കള്ള് ഷാപ്പുകളെ ഒഴിവാക്കുന്നതിന് അബ്കാരി നിയമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുമോ;

(ബി) ദൂരപരിധി നിയമം ബാധകമാക്കുന്നുവെങ്കിൽ ഇക്കാര്യത്തിൽ വിദേശ മദ്യഷാപ്പുകൾക്കുള്ള പരിഗണന കള്ള് ഷാപ്പുകൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വിദേശ മദ്യ ചില്ലറ വിൽപ്പനശാലകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നിലപാട് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഷാപ്പുകളുടെ ദൂരപരിധി പ്രശ്നത്തിൽ കള്ളു ഷാപ്പുകളെ നിലവിലുള്ള അബ്കാരി നിയമത്തിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly